**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4211** **18-03-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന മെഡിസെപ്പ് പ്രീമിയത്തിൽ നിന്ന് എത്ര തുകയാണ് ഇൻഷ്വറൻസ് കമ്പനിക്ക് ഓരോ മാസവും നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | മെഡിസെപ് പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരും ഇൻഷ്വററായ കമ്പനിയും തമ്മിലുള്ള കരാർ അനുസരിച്ച് 3 മാസത്തേക്കുള്ള പ്രീമിയം തുക വീതം മുൻകൂറായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നു. ഇത്തരത്തിൽ മുൻകൂറായി നൽകുന്ന തുക പ്രതിമാസം 500/- രൂപ നിരക്കിൽ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും പെൻഷൻകാരുടെ പെൻഷനിൽ നിന്നും ഈടാക്കി മുൻകൂർ ക്രമീകരിക്കുകയാണ് ചെയ്യുന്നത്. 23/06/2022 -ലെ സ.ഉ.(പി)നം.70/2022/ധന, 24/06/2022 -ലെ സ.ഉ.(പി)നം.71/2022/ധന ഉത്തരവുകളിലും ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. പ്രീമിയം ഇനത്തിൽ ഒരു ഗുണഭോക്താവിന് പ്രതിമാസം 472/- രൂപ എന്ന നിരക്കിൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും, ബാക്കി വരുന്ന 28/- രൂപ ഗുരുതര/അവയവമാറ്റ ചികിത്സകൾക്കുള്ള കോർപ്പസ് ഫണ്ടിലേക്ക് മാറ്റുകയും ചെയ്യുന്നു. മാരക രോഗങ്ങൾക്ക് വേണ്ടി ഇൻഷ്വറൻസ് കമ്പനി മാറ്റിവെച്ചിട്ടുള്ള 35 കോടി (കോർപ്പസ് ഫണ്ട്) വിനിയോഗിച്ച് തീർന്ന മുറയ്ക്ക് 08/09/2023 ലെ സ.ഉ.(ആർ.റ്റി.)നം. 6416/2023/ധന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കുന്ന ഗുരുതര രോഗ/അവയമാറ്റ ചികിത്സാ ക്ലെയിമുകളുടെ അർഹത പരിശോധിച്ച് കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരുന്നു. |
| (ബി) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ജീവനക്കാരിൽ നിന്നും പ്രതിമാസം ഈടാക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | മെഡിസെപ് പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരും ഇൻഷ്വററായ കമ്പനിയും തമ്മിലുള്ള കരാർ അനുസരിച്ച് 3 മാസത്തേക്കുള്ള പ്രീമിയം തുക വീതം മുൻകൂറായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നു. ഇത്തരത്തിൽ മുൻകൂറായി നൽകുന്ന തുക പ്രതിമാസം 500/- രൂപ നിരക്കിൽ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും പെൻഷൻകാരുടെ പെൻഷനിൽ നിന്നും ഈടാക്കി മുൻകൂർ ക്രമീകരിക്കുകയാണ് ചെയ്യുന്നത്. 23/06/2022 -ലെ |

| | | | |
|---|---|---|---|
| | | | സ.ഉ.(പി)നം.70/2022/ധന, 24/06/2022 -ലെ സ.ഉ.(പി)നം.71/2022/ധന ഉത്തരവുകളിലും ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. പ്രീമിയം ഇനത്തിൽ ഒരു ഗുണഭോക്താവിന് പ്രതിമാസം 472/- രൂപ എന്ന നിരക്കിൽ ഇൻഷുറൻസ് കമ്പനിക്ക് നൽകുകയും, ബാക്കി വരുന്ന 28/- രൂപ ഗുരുതര/അവയവമാറ്റ ചികിത്സകൾക്കുള്ള കോർപ്പസ് ഫണ്ടിലേക്ക് മാറ്റുകയും ചെയ്യുന്നു. മാരക രോഗങ്ങൾക്ക് വേണ്ടി ഇൻഷുറൻസ് കമ്പനി മാറ്റിവെച്ചിട്ടുള്ള 35 കോടി (കോർപ്പസ് ഫണ്ട്) വിനിയോഗിച്ച് തീർന്ന മുറയ്ക്ക് 08/09/2023 ലെ സ.ഉ.(ആർ.റ്റി.)നം. 6416/2023/ധന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷുറൻസ് കമ്പനി ലഭ്യമാക്കുന്ന ഗുരുതര രോഗ/അവയമാറ്റ ചികിത്സാ ക്ലെയിമുകളുടെ അർഹത പരിശോധിച്ച് കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരുന്നു. |
| (സി) | മെഡിസെപ്പ് ക്ലെയിം ഇനത്തിൽ വിവിധ ആശുപത്രികൾക്ക് നൽകാനുള്ള തുകയുടെ കണക്കുകൾ ജില്ല തിരിച്ച് വിശദമാക്കാമോ? | (സി) | 03/03/2025 തീയതി വരെയുള്ള കണക്ക് പ്രകാരം 9,09,173 ക്ലെയിമുകൾക്ക് 1,710,98,36,264/- രൂപ ആശുപത്രികൾക്ക് നൽകിയിട്ടുള്ളതായി ഇൻഷുറൻസ് കമ്പനി ലഭ്യമാക്കിയ വിവരം മെഡിസെപ് ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ഇൻഷുറൻസ് കമ്പനിയിൽ നിന്നും ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ